LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ആർ.ടി.സി.-യുടെ നവീകരണം

22(*198) ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കെ. എസ്. ആർ. ടി. സി.-യുടെ നവീകരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ള തെന്ന് വ്യക്തമാക്കാമോ;

(ബി) ടൂറിസം രംഗത്ത് സംസ്ഥാനത്തിന്റെ വളർച്ച പരിഗണിച്ച് കെ. എസ്. ആർ. ടി. സി. ബസ്സ്റ്റേഷനുകളിൽ ഒരു ദിനംദിന പരിസര ശുചീകരണം നടത്തുന്ന തിനുവേണ്ട നിർദ്ദേശങ്ങൾ നൽകുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. ശക്തൻ):

(എ) കെ. എസ്. ആർ. ടി. സി.-യുടെ നവീകരണത്തിന്റെ ഭാഗമായി ഭൂരിഭാഗം ബസ്സ്റ്റേഷനുകളുടെയും, കെട്ടിടങ്ങളുടെയും കേടുപാടുകൾ തീർക്കു കയുണ്ടായി. ബസ് സ്റ്റേഷൻ യാർഡ് കോൺക്രീറ്റ് ചെയ്യുകയും പലയിടങ്ങളിലും റീ-ടാർ ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ബി) ഇതിനുവേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

മനോരോഗ വിമുക്തരായവരെ പുനരധിവസിപ്പിക്കുവാൻ നടപടി

23(*199) ശ്രീ. സി. പി. മുഹമ്മദ്:

ശ്രീ. എ. കെ. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ മനോരോഗ ചികിത്സാ കേന്ദ്രങ്ങളിൽ ചികിത്സയ്ക്ക് വിധേ യരായ എത്ര പേർ രോഗവിമുക്തി നേടിയിട്ടും ഇപ്പോഴും മനോരോഗ ചികിത്സാ കേന്ദ്രങ്ങളിൽ അന്തേവാസികളായി തുടരുന്നുണ്ട്;

(ബി) ഇവർ ഇപ്രകാരം തുടരുവാനുള്ള കാരണങ്ങൾ എന്തെല്ലാം;

(സി) മനോരോഗ വിമുക്തരായവരെ പുനരധിവസിപ്പിക്കുവാൻ എന്തെല്ലാം പദ്ധതികളുണ്ട് എന്ന് വ്യക്തമാക്കുമോ?

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാ കൃഷ്ണൻ):

(എ) തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിൽ ആരും തന്നെ ഇല്ല.

തൃശ്ശൂർ മാനസികാരോഗ്യ കേന്ദ്രത്തിൽ 12 പേരും, കോഴിക്കോട് മാന സികാരോഗ്യ കേന്ദ്രത്തിൽ 22 പേരും ഇപ്പോഴും അന്തേവാസികളായി തുടരുന്നുണ്ട്.